കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.എൽ.എം.പി-11 /1984/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ കാര്യാലയം, കൊല്ലം

തീയതി –11/12/2017.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

വെട്ടിക്കവല ബ്ലോക്ക്പഞ്ചായത്ത്

സർ,

വിഷയം : വെട്ടിക്കവല ബ്ലോക്ക്പഞ്ചായത്ത്-2016 - 2017 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെട്ടിക്കവല ബ്ലോക്ക്പഞ്ചായത്തിന്റെ 2016–2017 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം

കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)എ.ഡി.സി, കൊല്ലം

2)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.എൽ.എം.പി-11 /1984/2017തീയതി: /12/2017

കൊല്ലം ജില്ലയിലെ വെട്ടിക്കവല ബ്ലോക്ക്പഞ്ചായത്തിന്റെ 2016 - 2017സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ വെട്ടിക്കവല ബ്ലോക്ക്പഞ്ചായത്തിന്റെ 2016 - 2017 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ബ്ലോക്ക്പഞ്ചായത്ത് 17-02-2016 മുതൽ 31-10-2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.വർഗീസ്ജോസഫ്,സീനിയർഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 02-11-2017 മുതൽ 8-11-2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. ഐസക്ജോൺ , ഓഡിറ്റ് ഓഫീസർ |
| | ശ്രീ.അനീഷ്.വി.എസ്സ് , സീനിയർ ഗ്രേഡ് ഓഡിറ്റർ |

| | |
|---|---|
| | ശ്രീമതി. വിഷ്ണുപ്രിയ. കെ , ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. ആർ.ദീപ | 01-04-16മുതൽ 31-03-17 വരെ |
| സെക്രട്ടറി | ശ്രീമതി. ശ്രീദേവി. കെ. നമ്പൂതിരി | 01-04-16മുതൽ 13-06-16 വരെ |
| | ശ്രീ. സി.രാധാകൃഷ്ണൻ | 16-06-16മുതൽ 08-08-16 വരെ |
| | ശ്രീ.ശരത് ചന്ദ്രകുറുപ്പ് | 08-08-16 മുതൽ 31-03-17 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| വെറ്ററിനറി സർജൻ | ഡോ. രാഘവൻ പ്രീതാനാരായണൻ | 01-04-16മുതൽ 24-09-16 വരെ |
| | ഡോ.വിനോദ് ജോൺ | 24-09-16മുതൽ 24-12-16 വരെ |
| | ഡോ.സജിത് സാം | 25-12-16മുതൽ 31-03-17 വരെ |
| കൃഷി അസി: ഡയറക്ടർ | അനിൽകുമാർ.എ.ജി | 01-04-16മുതൽ 31-03-17 വരെ |
| പട്ടികജാതിവികസന ഓഫീസർ | ദിലീപ്.എസ്സ് | 01-04-16മുതൽ 31-08-16 വരെ |
| | എബി എബ്രഹാം | 31-08-16മുതൽ 28-09-16 വരെ |
| | സുനിൽകുമാർ.കെ | 29-09-16മുതൽ 31-03-17 വരെ |
| അസി.എക്സിക്യൂട്ടിവ് എഞ്ചിനിയർ | ബീന.എ | 01-04-16മുതൽ 31-03-17 വരെ |
| ഡെയറി എക്സ്റ്റെൻഷൻ ഓഫീസർ | ഹേമകുമാർ.വി.പി | 01-04-16മുതൽ 28-07-16 വരെ |
| | ബീന.എ.എച്ച് | 28-07-16മുതൽ 03-08-16 വരെ |
| | സൂസൻഗിൽബർട്ട് | 03-08-16മുതൽ 31-03-17 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി | ഡോ.രാഹുൽ.കെ | 01-04-16മുതൽ 18-09-16 വരെ |
| | ഡോ. നിഷാകുമാരി | 19-09-16മുതൽ 12-12-16വരെ |
| | ഡോ.രാഹുൽ.കെ | 13-12-16മുതൽ 31-03-17 വരെ |
| ശിശു വികസനഓഫീസർ | നിഷാ നായർ . ആർ | 01-04-16മുതൽ 31-03-17 വരെ |
| വ്യവസായ വികസനഓഫീസർ | ബിജു.എം.എസ്സ് | 01-04-16മുതൽ 09-08-16 വരെ |
| | രഞ്ജിത്ത്.കെ.എം | 09-08-16മുതൽ 13-02-17 വരെ |
| | അബ്ദുൾ റഹീം.കെ | 14-02-17മുതൽ 31-03-17 വരെ |

## ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | ക്യാഷ് വെരിഫിക്കേഷൻ | 1-7 |

| | | |
|---|---|---|
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| | ഭാഗം 2 | |
| 10 | നിയമാനുസൃത കാലാവധിയ്ക്കുള്ളിൽ കരാർ ചമച്ചില്ല 1% (25000രൂപ) പിഴ ഈടാക്കിയില്ല. | 2-1 |
| | ഭാഗം 3 | |
| 11 | ബയോഗ്യാസ് പ്ലാന്റ് വിതരണം-1178550/- രൂപ അധിക ചെലവ് | 3-1 |
| 12 | വർക്ക് ഫയലും അനുബന്ധ രേഖകളും പരിശോധനയ്ക്ക് വിധേയമാക്കിയില്ല- തടസ്സപ്പെടുത്തുന്ന തുക- 700682/-രൂ. | 3-2 |
| 13 | ഐ.എ.വൈ സംസ്ഥാനവിഹിത അക്കൗണ്ടിൽ നിന്നും 28000രൂപ അധികമായി പിൻവലിച്ചിരിക്കുന്നു. | 3-3 |
| 14 | IAY അധികധനസഹായം വായ്പ പലിശ തിരിച്ചടവ് - 133282 രൂപ അധികമായി് തിരിച്ചടച്ചു | 3-4 |
| 15 | PMAY 2016-17 – എഗ്രിമെന്റ് വച്ച ഗുണഭോക്താക്കൾക്ക് ആവശ്യത്തിന് അനുസൃതമല്ലാതെ ഗ്രാമ, ബ്ലോക്ക് പഞ്ചായത്ത് ഷെയറുകൾ പിൻവലിച്ചു | 3-5 |
| 16 | ചെലവ് രേഖകൾ ഹാജരാക്കിയില്ല-1321401/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു | 3-6 |
| 17 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല | 3-7 |
| 18 | മരുന്ന് ലഭ്യമായില്ല | 3-8 |

| | ഭാഗം 4 | |
|---|---|---|
| 19 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 20 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 21 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 22 | വായ്പ /വായ്പ തിരിച്ചടവ് | 4-4 |
| 23 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 24 | ഓഡിറ്റ് റിക്കവറി | 4-6 |
| 25 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 26 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 27 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 28 | ഓഡിറ്റ്സാക്ഷ്യപത്രം | 4-10 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 3-3-16 തിയതിയിലെ ।ാംതീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷികധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 30-07-2017 | 23-06-17 | | |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 6-11-17 | സർട്ടിഫിക്കറ്റ് റിപ്പോർട്ടിനോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട് |

അപാകതകൾ

1)ഇ.എം.എസ് വായ്പയുടെ മുതൽ തിരിച്ചടവ് ഇനത്തിൽ 21,00,000/- രൂപയും, ഐ.എ.വൈ അധികധനസഹായം വായ്പയുടെ മുതൽ തിരിച്ചടവ് ഇനത്തിൽ 1,60,25,478/-രൂപയും ഉൾപ്പെടെ ആകെ 1,81,25,478/-രൂപ വായ്പ ബാദ്ധ്യതയുണ്ട്. എന്നാൽ സെക്യേർഡ് ലോൺ (330500102) ശീർഷകത്തിൽ 78,21,415 രൂപയും ബാദ്ധ്യതയാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്.

2)IAY ഭവനപദ്ധതിയുടെ ജില്ലാപഞ്ചായത്ത് വിഹിതം ഇനത്തിൽ 13.3.2017ന് ലഭിച്ചതും IWMP അക്കൗണ്ടിൽ തെറ്റായി ക്രെഡിറ്റ് ചെയ്തതുമായ 44,80,000/-രൂപ IWMPയുടെ യഥാർത്ഥ വരവിലും ചെലവിലും ഉൾപ്പെടുത്തി. തന്മൂലം 250100801 ശീർഷകത്തിലെ ചെലവ് തുക 44,80,000/-രൂപ അധികമാണ്.

3)അക്കൗണ്ട് ശീർഷകം 310900101-ൽ 51,30,216രൂപ അധികം ക്രെഡിറ്റ് ബാലൻസ് കാണിക്കുന്നു. തതുല്ല്യമായ വ്യത്യാസം അക്കൗണ്ട് ശീർഷകം 312100101ൽ പ്രതിഫലിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| അക്കൗണ്ട് ശീർഷകം | തുക |
|---|---|
| 310900101(ലാഭം) | 76,00,775 |
| (+)340100301(റിട്ടെൻഷൻ) | 71,742 |
| (+)340100101(ഇ.എം.ഡി) | 7,500 |
| (+)350300103(വാറ്റ്) | 60 |
| (A) ആകെ | 7,68,00,77 |
| 450250110(തനതുഫണ്ട് അക്കൗണ്ട്) | 25,42,361 |
| MPLAD പദ്ധതിയിലെ ആസ്ഥി ബാദ്ധ്യത വ്യത്യാസം | 7,500 |
| (1827443-1819943) (B) | 25,49,861 |
| വ്യത്യാസം (A)- (B) | 51,30,216 |

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് -57162531

വരവ് -108437900

ആകെ -165600431

ചെലവ് -106123001

നീക്കിയിരിപ്പ് -59477430

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 32391116 | 32391116 | 32391116 | 0 | 100 |
| വികസനഫണ്ട് എസ്.സി.പി. | 0 | 21374196 | 21374196 | 21374196 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 71715 | 71715 | 71715 | 0 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 5036829 | 5036829 | 5036829 | 0 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 0 | 0 | 0 | 0 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | - | - | - | - | - | |
| പെർഫോമൻസ് ഗ്രാന്റ് | - | - | - | - | - | - |
| എം.എൻ.ആർ.ഇ.ജി.എസ്. | - | - | - | - | - | - |
| ബി ഫണ്ട് | - | - | - | - | - | - |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 67 | 64821911 | 38 | 42261072 | 29 | 0 | 56.71 |

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 03-11-17-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. തൻദിവസം വരവൊന്നും ഇല്ലായിരുന്നു എന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 30-092016 | 2015-16 | 14-11-16 |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | | 2008-09 - 2012-13 | 28-03-14 |

## ഭാഗം-2

<u>വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

**2-1** <u>നിയമാനുസൃത കാലാവധിയ്ക്കുള്ളിൽ കരാർ ചമച്ചില്ല **1% (25000** രൂപ**)** പിഴ ഈടാക്കിയില്ല.</u>

പ്രോജക്ട് നം. 79/16-17

<u>ലോവർ കരിക്കം മരുതഴികത്ത് ഓർത്തഡോക്സ് ചർച്ച് - പെട്രോൾ പമ്പ് റോഡ് പുനരുദ്ധാരണം.</u>

എസ്റ്റിമേറ്റ് തുക --- 7639326

പി.എ.സി .... 5729494

കരാറുകാരൻ .....ബി.മധു.

നബാർഡ് പദ്ധതിയിൽ കീഴിൽ നടപ്പിലാക്കിയ മേൽ പ്രവർത്തിക്ക് 25% കുറവ് ക്വാട്ട് ചെയ്ത ശ്രീ.ബി.മധുവിന് 20/06/2016നകം കരാർ ചമയ്ക്കാൻ ആവശ്യപ്പെട്ട് 10/06/2016-ലെ സി.200/2016 നമ്പർ സെലക്ഷൻ നോട്ടീസ് 15.06.2016-ൽ അയച്ചിട്ടുണ്ട്. 13.07.2016-ൽ പ്രവൃത്തിയുടെ കരാർ ചമയ്ക്കുകയും ചെയ്തിട്ടുണ്ട്.

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ പാർട്ട് 2 സെക്ഷൻ 2009.6 പ്രകാരം സെലക്ഷൻ ലെറ്റർ രജിസ്റ്റർ ചെയ്ത തീയതി കൈപ്പറ്റിയ തീയതിയായി കണക്കാക്കുകയും പ്രസ്തുത തീയതിക്ക് 14 ദിവസത്തിനകം കരാർ ചമയ്ക്കേണ്ടതുമാണ്. പ്രസ്തുത തീയതിക്ക് ശേഷം 10 ദിവസം വരെ പി.എ.സിയും 1% പിഴ ഈടാക്കി (പരമാവധി 25000/-) കരാർ ചമയ്ക്കാവുന്നതാണ്.

മേൽ പ്രവൃത്തി 29/06/2016നകം കരാർ ചമച്ചില്ലെങ്കിൽ 1%പിഴ ഈടാക്കേണ്ടതായിരുന്നു. എന്നാൽ ശ്രീ.മധു 13/07/2016-ൽ മാത്രമാണ് കരാർ ചമച്ചത്. പിഴയായ 25000/-രൂപ ഈടാക്കിയിട്ടുണ്ടെങ്കിൽ ടി വിവരം ഓഡിറ്റിൽ അറിയിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (11/08-11-17) മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ പിഴതുകയായ 25000/-രൂപ കരാറുകാരനിൽനിന്നും ഈടാക്കേണ്ടതാണ് അല്ലാത്ത പക്ഷം ഉത്തരവാദിയായ സെക്രട്ടറി ശ്രീ.സി.രാധാകൃഷ്ണനിൽനിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം-3

<u>ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

**3-1** <u>ബയോഗ്യാസ് പ്ലാന്റ് വിതരണം**-1178550/-** രൂപ അധിക ചെലവ്</u>

പട്ടികജാതിവികസന ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പട്ടികജാതി വനിതകൾക്ക്

ബയോഗ്യാസ് പ്ലാന്റ് (s006/17) എന്ന പദ്ധതി 1178550/- രൂപ ഗുണഭോക്തൃ വിഹിതം ഇനത്തിൽ ഈടാക്കിയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ബിൽ നമ്പർ 3/16-17 തീയതി 27/02/2017 = 2389500/-

ബിൽ നമ്പർ 4/16-17 തീയതി 27/03/2017 = 2324700/-

ആകെ ചെലവ് = 4714200

11.01.2016 ലെ ജി.ഒ (എംഎസ്) 4/2016 ത.സ്വ.ഭ.വ സബ്സിഡി മാർഗ്ഗരേഖ പ്രകാരം പട്ടികജാതി വിഭാഗക്കാർക്ക് ഗാർഹിക ബയോഗ്യാസ് പ്ലാന്റുകൾക്ക് അനുവദനീയമായ സബ്സിഡിയുടെ ഉയർന്ന പരിധി 75% ആണ്. ആയതിൽ 50% ശുചിത്വ മിഷൻ മുഖേനയും 25% തദ്ദേശസ്വയംഭരണസ്ഥാപനം (ഗ്രാമ പഞ്ചായത്ത്/നഗരസഭ)
മുഖേനയും ബാക്കി 25% ഗുണഭോക്തൃവിഹിതവുമാണ്.

ഓഡിറ്റിന് ലഭ്യമാക്കിയ ഫയൽ പരിശോധിച്ചതിൽ മേൽ പദ്ധതി 100% തുകയും വികസന ഫണ്ടിൽ വകയിരുത്തി വിഭാവനം ചെയ്തിട്ടുള്ളതും 100% സബ്സിഡി നൽകിയിട്ടുള്ളതുമാണ്. കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ഡിവിഷണൽ എഞ്ചിനീയറുടെ 18/01/2017 ലെ കത്ത് (നമ്പർ ഇല്ല) പ്രകാരം 0.75 $m^2$ ബയോഗ്യാസ് പ്ലാന്റ് (FRP), അനുബന്ധഉപകരണങ്ങൾ, കൺട്രോൾ ഹോസ് , സിംഗിൾ ബർണർ സ്റ്റൗ, നികുതി ഉൾപ്പടെ നൽകുന്നതിനും ആയത് കമ്മീഷൻ ചെയ്യുന്നതിനും ഉൾപ്പടെ ഒരു ബയോഗ്യാസ് പ്ലാന്റിന് 8100/-രൂപ നിരക്ക് ക്വാട്ട് ചെയ്തു.
09/02/2017-ൽ കേരളആഗ്രോഇൻഡസ്ട്രീസ് കോർപ്പറേഷനുമായി പട്ടികജാതി വികസന ഓഫീസർ ഏർപ്പെട്ട കരാർ പ്രകാരം 8100/- രൂപയ്ക്ക് ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതിന് ഗുണഭോക്താക്കളിൽ നിന്ന് പണം ഈടാക്കുന്നതല്ല എന്നും
വ്യവസ്ഥ ചെയ്തിട്ടുണ്ട്. പട്ടികജാതി വികസന ഓഫീസറുടെ 16/02/2017 ലെ വി. ബി. 39/2016 നമ്പർ ഉത്തരവ് പ്രകാരം 295 പേർക്ക് 8100/- രൂപ നിരക്കിൽ 2389500/- രൂപ (ബിൽനമ്പർ 3/16-17/27/02/2017) വികസനഫണ്ടിൽ നിന്നും കേരളആഗ്രോഇൻഡസ്ട്രീസ് കോർപ്പറേഷന് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു. ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 16/03/2017 ലെ III/5 നമ്പർ തീരുമാനം പ്രകാരം മേൽ പ്രോജക്ട് കൂടുതൽ ഗുണഭോക്താക്കളെ ഉൾപ്പെടുത്തി ഭേദഗതി ചെയ്യാൻ തീരുമാനിച്ചു. (ഭേദഗതി ചെയ്ത പ്രോജക്ട് ഓഡിറ്റിന് ഹാജരാക്കിയില്ല.) തുടർന്ന് ബിൽ നമ്പർ 4/16-17 തീയതി 27/03/2017 പ്രകാരം 287 ഗുണഭോക്താക്കൾക്ക് 8100/- രൂപ നിരക്കിൽ 23,24,700/-രൂപ വികസനഫണ്ടിൽ നിന്നും കേരളആഗ്രോഇൻഡസ്ട്രീസ്

കോർപ്പറേഷന് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു. സബ്സിഡി മാർഗ്ഗരേഖ പ്രകാരം 8,100/- രൂപ വിലയുള്ള ബയോഗ്യാസ് പ്ലാന്റ് നൽകുന്നതിന് 2,025/- രൂപ ഗുണഭോക്തൃവിഹിതം ഈടാക്കേണ്ടതാണെന്നിരിക്കെ 1178550/- രൂപ വികസനഫണ്ട് അധികമായി ചെലവഴിച്ചു.

<u>പദ്ധതി നിർവഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു</u>

1. 1178550/- രൂപ വികസനഫണ്ട് അധികമായി ചെലവഴിച്ചു.

2.4714200/- രൂപ കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ കൈപ്പറ്റിയ രേഖയില്ല.

3. ശുചിത്വ മിഷൻ ഫണ്ട് വകയിരുത്തിയില്ല

4.585 ബയോഗ്യാസ് പ്ലാന്റ് യൂണിറ്റുകൾ വിതരണം ചെയ്തതിന്റെ ഇൻവോയിസ്, ഗുണഭോക്താക്കളുടെ കൈപ്പറ്റ് എന്നിവയില്ല.

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (3-07/11/2017 ) മറുപടി ലഭ്യമാക്കിയില്ല. വികസനഫണ്ടിൽ നിന്നും അധികമായി ചെലവഴിച്ച 1178550/-രൂപ ഉത്തരവാദിയായ ശ്രീ. സുനിൽകുമാറിൽ നിന്നും ഈടാക്കേണ്ടതാണ്. സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി കരാർ തുക നിശ്ചയിച്ച് ഗുണഭോക്തൃവിഹിതം ഈടാക്കാതെ നിർവ്വഹണം നടത്തിയ ഉദ്യോഗസ്ഥനായ ശ്രീ.സുനിൽകുമാറിന്റെ വീഴ്ചയാകയാൽ ടിയാനിൽ നിന്ന് തുക ഈടാക്കേണ്ടതാണ്.

## **3-2** <u>വർക്ക് ഫയലും അനുബന്ധ രേഖകളും പരിശോധനയ്ക്ക് വിധേയമാക്കിയില്ല- തടസ്സപ്പെടുത്തുന്ന തുക- **700682/-**രൂപ</u>

അസി.എക്സി.എഞ്ചിനീയർ മുഖേന തൻവർഷം നടപ്പിലാക്കിയ <u>"കുളക്കട ഗ്രാമപഞ്ചായത്തിലെ ഏറത്തു ജംഗ്ഷൻ- നെല്ലിവിള റോഡ് കോൺക്രീറ്റും പാർശ്വഭിത്തിനിർമ്മാണവും"</u> എന്ന പദ്ധതിയുടെ (പ്രോജക്ട്. നം.S0002/17) ഫയലും, അനുബന്ധരേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയതിനാൽ പദ്ധതിക്കായി ബിൽ നം. 19/16-17 തീ-28.3.17 പ്രകാരം ചെലവഴിച്ച 700682/-രൂപ (വികസനഫണ്ട്) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

മേൽവിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5/8.11.2017) ലഭ്യമാക്കിയ മറുപടിയിൽ "ടി വർക്കിന്റെ ഫൈനൽ ബിൽ തയ്യാറാക്കാനായി ഫയൽ എ.ഇ.യുടെ കൈയ്യിൽ ഇരിക്കുന്നുവെന്നും, ഒരാഴ്ചയ്ക്കകം ഫൈനൽ ബിൽ സഹിതം

ഫയൽ പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്നും" പരാമർശിച്ചിരിക്കുന്നു. ഫയൽ ഹാജരാക്കുന്ന മുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ്.

## 3-3 ഐ.എ.വൈ സംസ്ഥാനവിഹിത അക്കൗണ്ടിൽ നിന്നും 28000രൂപ അധികമായി പിൻവലിച്ചിരിക്കുന്നു

ഐ.എ.വൈ സംസ്ഥാനവിഹിത അക്കൗണ്ടിൽ നിന്നും 28000രൂപ ശ്രീമതി.ഏലിയാമ്മയ്ക്ക് 05-01-17 ലെ ചെക്ക് നമ്പർ 654117 ഉപയോഗിച്ചുള്ള RTGS ൽ ഉൾപ്പെടുത്തി നൽകുകയുണ്ടായി. എന്നാൽ തുക തിരികെ വരുകയും 17-01-17ൽ ഈ തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് നൽകുകയും ചെയ്തു. എന്നാൽ 25-01-17-ൽ ശ്രീമതി.ഏലിയാമ്മയുടെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ-SB33009) തുക വീണ്ടും ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 9/8-11-17 ന് തുക തിരികെ ഈടാക്കുന്നതിന് ബാങ്ക് അധികൃതർക്ക് കത്ത് നൽകിയിട്ടുണ്ട് എന്ന മറുപടിയാണ് ലഭിച്ചത്. എത്രയും വേഗം തുക തിരികെ ഈടാക്കി അക്കൗണ്ടിൽ ഒടുക്കു വരുത്തേണ്ടതാണ്.

## 3-4 IAY അധികധനസഹായം വായ്പ പലിശ തിരിച്ചടവ് - 133282 രൂപ അധികമായി തിരിച്ചടച്ചു

IAY അധികധനസഹായം വായ്പ പലിശ തിരിച്ചടവ് - പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

ബിൽ നം. 12/18-11-16 = 7,34,237/-രൂപ

സ.ഉ(എം.എസ്)നം. 90/2013 ത.സ്വ.ഭ.വ തീയതി-14.03.2013 ഖണ്ഡിക(5) പ്രകാരം അധിക ധനസഹായത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എടുത്ത വായ്പയുടെ പലിശയുടെ 10.75% സർക്കാർ നൽകുന്നതാണെന്നും യഥാർത്ഥ പലിശയുമായുള്ള വ്യത്യാസം തദ്ദേശസ്വയംഭരണ സ്ഥാപനം വഹിക്കേണ്ടതാണെന്നും പരാമർശിച്ചിട്ടുണ്ട്.

വെട്ടിക്കവല ബ്ലോക്ക്പഞ്ചായത്തിലെ IAY അധികധനസഹായത്തിനായി വെട്ടിക്കവല സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും 2013-14 സാമ്പത്തിക വർഷം ഒകെ 1,60,25,652/-രൂപ 14.5% നിരക്കിൽ വായ്പ എടുത്തിട്ടുണ്ട്. ആയതിൽ 2016-17 സാമ്പത്തികവർഷം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ 1,60,25,478/- രൂപയാണ്. ആയതിനാൽ വികസനഫണ്ടിൽ നിന്നും ബ്ലോക്ക്പഞ്ചായത്തിന് പിൻവലിക്കാവുന്ന തുക 6,00,955 രൂപയാണ്.(1,60,25,478x3.75%)

133282/-രൂപ (734237-600955)അധികമായി തിരിച്ചടച്ചു. അധികഅടവ് തുടർവർഷങ്ങളിൽ ക്രമീകരിക്കേണ്ടതാണ്.

## 3-5 PMAY 2016-17 – എഗ്രിമെന്റ് വച്ച ഗുണഭോക്താക്കൾക്ക് ആവശ്യത്തിന് അനുസൃതമല്ലാതെ ഗ്രാമ, ബ്ലോക്ക് പഞ്ചായത്ത് ഷെയറുകൾ പിൻവലിച്ചു

ബ്ലോക്ക് പഞ്ചായത്ത് നിർവഹണ ഏജൻസിയായി ഗ്രാമ, ജില്ലാപഞ്ചായത്ത് ഷെയറുകൾ കൂടി ഉൾപ്പെടുത്തി നടപ്പിലാക്കുന്നതുമായ കേന്ദ്രാവിഷ്കൃത പദ്ധതിയായ PMAY ആവശ്യത്തിനനുസൃതമല്ലാത്ത രീതിയിൽ തുകകൾ പിൻവലിച്ച് അക്കൗണ്ടിൽ സൂക്ഷിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

2016-17 സാമ്പത്തികവർഷം PMAY പദ്ധതിക്ക് യൂണിറ്റ് കോസ്റ്റ് അടിസ്ഥാനത്തിൽ വകയിരുത്തേണ്ട തുക ചുവടെ ചേർക്കുന്നു.

| ഷെയർ | ജനറൽ | എസ്.സി.പി (അഡിഷണൽ ഷെയർ ഉൾപ്പെടെ) |
|---|---|---|
| സ്റ്റേറ്റ്/സെൻട്രൽ ഷെയർ --- | 1,20,000 | 1,20,000 |
| ജില്ലാ പഞ്ചായത്ത് (35%).... | 28000 | 63000 |
| ബ്ലോക്ക് പഞ്ചായത്ത് (40%).. | 32000 | 72000 |
| ഗ്രാമപഞ്ചായത്ത് (25%) | 20000 | 45000 |
| | 2,00,000 | 3,00,000 |

എ) ഗ്രാമപഞ്ചായത്തുകൾ വകയിരുത്തി ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയ തുകയിലെ വ്യത്യാസം

| ജനറൽ | | | | | എസ്.സി | | | |
|---|---|---|---|---|---|---|---|---|
| പഞ്ചായത്ത് | എഗ്രിമെന്റ് നം. | കൈമാറേണ്ട ഷെയർ | കൈമാറിയ ഷെയർ | വ്യത്യാസം | എഗ്രിമെന്റ് | കൈമാറേണ്ട ഷെയർ | കൈമാറിയ ഷെയർ | വ്യത്യാസം |
| കുളക്കട | 3 | 60,000 | 1,20,000 | (+)60,000 | 3 | 1,35,000 | 3,00,000 | 165000 |
| മേലില | 7 | 1,40,000 | 3,40,000 | (+)2,00,000 | 7 | 3,15,000 | 4,40,000 | 125000 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| മൈലം | 20 | 4,00,000 | 1,40,000 | (-)2,60,000 | 10 | 4,50,000 | 11,75,000<br>(-)1,95,000 | 725000 |
| പവിത്രേശ്വരം | 5 | 2,00,000 | 60,000 | (+)1,40,00 | 7 | 3,15,000 | (-)6,40,000 | (-)195000 |
| ഉമ്മന്നൂർ | 9 | 1,80,000 | 1,00,000 | (-)80,000 | 24 | 10,80,000 | (-)720000 | (-)640000 |
| വെട്ടിക്കവല | 19 | 3,80,000 | 4,40,000 | (-)60,000 | 16 | 7,20,000 | (-)5,40,000 | (-)720000 |
| ആകെ | 63 | | | 140000 | 67 | | | (-)540000 |

(ബി) ബ്ലോക്ക്പഞ്ചായത്ത് പിൻവലിച്ച വിഹിതം

| വിഭാഗം | എഗ്രിമെന്റ് നം. | പിൻവലിക്കേണ്ട തുക | പിൻവലിച്ച തുക | വ്യത്യാസം |
|---|---|---|---|---|
| ജനറൽ | 63 | 63x3,20,000 = 20,16,000/- | പ്രോജക്ട് നം. SOO30/1<br>ബിൽ നം. 28/22.03.2017 = 8,00,000<br>ബിൽനം. 40/22.03.201 = 7,04,000<br>ആകെ- 15,04,000 | കുറവ് = 5,12,000/- |
| എസ്.സി.പി | 67 | 67x72,000= 48,24,000/- | പ്രോജക്ട് നം. SOO31/17<br>ബിൽ നമ്പർ 27/22.03.17 = 16,64,000<br>ബിൽ നമ്പർ 41/30.03.17 = 2,56,000<br>ആകെ- 19,20,000 | കുറവ് = 29,04,000 |

സി) ജില്ലാ പഞ്ചായത്ത് വിഹിതം

വിഹിതമായി നൽകേണ്ടത്

ജനറൽ

63x 28,000 = 17,64,000

എസ്.സി.പി

67 x 63,000 = 42,21,000

59,85,000

വാർഷികകണക്ക് /ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരം 2016-17 വർഷം ജില്ലാ പഞ്ചായത്തിൽ നിന്ന് ആകെ 1,56,53,932/- രൂപ വരവുണ്ട്. (5716000+9937932). എന്നാൽ പ്രസ്തുത തുക 2015-16 IAY അധികധനസഹായമാണോ, PMAY വിഹിതമാണോ എന്ന് വ്യക്തമല്ല മാത്രമല്ല. 30/03/2017 Sp/TSB അക്കൗണ്ടിൽ 30,11,130/-രൂപ. രണ്ട് പ്രാവശ്യം ജില്ലാ പഞ്ചായത്തിൽ നിന്ന് വരവ് വന്നിട്ടുണ്ട്.

2016-17-ൽ ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച 1,56,53,592/-രൂപയുടെ വകയിരുത്തൽ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

എഗ്രിമെന്റ് ആനുപാതികമല്ലാതെ വിഹിതം അധികമായും കുറവായും പിൻവലിച്ച് ബാങ്ക്/സ്പെഷ്യൽ ടി.എസ്.സി അക്കൗണ്ടിൽ സൂക്ഷിക്കുന്നതിന് വിശദീകരണം നൽകാൻ അവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12-8/11/2016)മറുപടി ലഭ്യമാക്കിയില്ല.

## 3-6 ചെലവ് രേഖകൾ ഹാജരാക്കിയില്ല-75420/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു

2016-17 സാമ്പത്തിക വർഷം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്ടുകളിൽ താഴെ ചേർക്കുന്ന പ്രോജക്ടിന്റെ ഫയൽ ഓഡിറ്റിന് ഹാജരാക്കിയില്ല.

| പ്രോജക്ട് വിശദാംശം | ചെലവ് വിശദാംശം | ഹാജരാക്കാത്ത രേഖകൾ | നിർവഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|
| 69/16-17<br>ഓഫീസ് ആവശ്യത്തിന് കമ്പ്യൂട്ടർ വാങ്ങൽ | ചെക്ക് നമ്പർ189797<br>തീയതി 21-10-2017<br>തുക -75420/- | പ്രോജക്ട് ഫയൽ | പി .കെ ശരത്ചന്ദ്ര കുറുപ്പ് |

മേൽ രേഖകൾ ഹാജരാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (6/8-11-2016) മറുപടി ലഭ്യമാക്കയില്ല. ഈ സാഹചര്യത്തിൽ 75420/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി

തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-7 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ വിവിധ പദ്ധതികൾക്കായി 1400000/- രൂപ വിവിധ ഗ്രാമ പഞ്ചായത്തുകൾക്ക് നൽകിയിട്ടുള്ളതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് വിശദാംശം | ബിൽ നം/ തീയതി / | തുക | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ട സ്ഥാപനം |
|---|---|---|---|
| 33/16-17<br>ഉമ്മന്നൂർ ഗ്രാമപഞ്ചായത്ത്<br>32-ാം നമ്പർ കെട്ടിട നിർമ്മാണം | 13/2016-17 /<br>18-11-2016 | 50000 | ഉമ്മന്നൂർ ഗ്രാമപഞ്ചായത്ത് |
| 34/16-17<br>ഉമ്മന്നൂർ ഗ്രാമപഞ്ചായത്ത്<br>34-ാം നമ്പർ കെട്ടിട നിർമ്മാണം | 14/2016-17 /<br>18-11-2016 | 50000 | ഉമ്മന്നൂർ ഗ്രാമപഞ്ചായത്ത് |
| 67/16-17<br>പാലിയേറ്റീവ് കെയർ | 15/16-17<br>30-12-16 | 400000 | കുളക്കട ഗ്രാമപഞ്ചായത്ത് |
| | 33/16-17<br>30-03-2017 | 400000 | മേലില ഗ്രാമപഞ്ചായത്ത് |
| | 31/16-17<br>30-03-2017 | 200000 | മൈലം ഗ്രാമപഞ്ചായത്ത് |
| | 35/16-17<br>30-03-2017 | 300000 | കുളക്കട ഗ്രാമപഞ്ചായത്ത് |

മേൽ രേഖകൾ ഹാജരാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (8/8-11-2016) മറുപടി ലഭ്യമാക്കയില്ല. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

**3-8** മരുന്ന് ലഭ്യമായില്ല

മെഡിക്കൽഓഫീസർ, സി.എച്ച്.സി.കുളക്കട നിർവഹണംനടത്തിയ പ്രോജക്ടുകളിലേക്കായി മരുന്ന വാങ്ങാനായി തുക നൽകിയെങ്കിലും മരുന്ന് പൂർണ്ണമായും നാളിതുവരെ ലഭിച്ചിട്ടില്ല.

വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് പേര്, നമ്പർ | നൽകിയ തുക | മരുന്ന് ലഭിച്ചത് | ലഭിക്കാനുള്ളത് |
|---|---|---|---|
| സി.എച്ച്.സി യ്ക്ക് മരുന്ന വാങ്ങൽ | 300000രൂപ | 213398 | 86602 |

ബാക്കി മരുന്ന് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിച്ച് മരുന്ന് ലഭ്യമാക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

**4-1** സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

**4-2** ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

**4-3** മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

**4-4** വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്.വായ്പ | | 75,00,000 | 30,50,000 | 9,50,000 | | 2100000 |
| ഐ.എ.വൈ അധിക ധനസഹായ | 1,60,25,652 | 1,60,25,478 | ഇല്ല | 16,74,023 | | 1,60,25,478 |

| | | | | | | |
|---|---|---|---|---|---|---|
| വായ്പ | | | | | | |
| ആകെ | 2,35,25,652 | 1,90,75,478 | 9,50,000 | 16,74,023 | | 1,81,25,478 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 165600431 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 106123001 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 25000 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 1178550 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 776102 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 25000 | | ശ്രീ.സി.രാധാകൃഷ്ണൻ, സെക്രട്ടറി |
| 3-1 | | 1178550 | ശ്രീ.സുനിൽകുമാർ, പട്ടികജാതി വികസന ഓഫീസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 7,00,682 | ശ്രീമതി.ബീന.എ, അസ്സിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ |
| 3-6 | 75,420 | ശ്രീ.ശരത്ചന്ദ്രകുറുപ്പ്. സെക്രട്ടറി |
| ആകെ | 7,76,102 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തര- വാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സി.രാധാകൃഷ്ണൻ, സെക്രട്ടറി | | ലഭ്യമല്ല |
| ശ്രീ.സുനിൽകുമാർ, പട്ടികജാതി വികസന ഓഫീസർ | എസ്.സി.ഡി.ഒ, വെട്ടിക്കവലബ്ലോക്ക് | മുടിയിൽ താഴതിൽ ആയികിണ്ണം ശാസ്താംകോട്ട.പി.ഒ |
| ശ്രീമതി.ബീന.എ, അസ്സിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ | എ.ഇ, വെട്ടിക്കവല ബ്ലോക്ക് | മൂലേക്കാടയിൽ ഇഞ്ചവിള, പെരിനാട് |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈവകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | LFQ.DB-1316/01 dtd6-12-2001 | 4 |
| 1998-99 | LFQ.DB-1408/00DTD17/8/16 | 5 |
| 1999-2000 | LFQ.DB-281/09 DTD6/8/11 | 4 |
| 2000-2001 | LFQ-DB-282/09 DTD 2/03/09 | 2 |
| 2001-2002 | LFQDB-221/2009 DTD 10/2/2009 | 1 |
| 2002-2003 | LFQDB-221(1)/9 DTD10/02/2009 | 3 |
| 2003-2004 | LFQ DB347/08 DTD 7/10/2008 | 2 |
| 2004-2005 | LFQ DB1293/13 DTD 23/9/13 | 9 |
| 2005-2006 | LFQDB 1512/19 DTD 14/3/12 | 3 |
| 2006-2007 | LFQ DB 1513/2008 DTD 8/6/12 | 7 |
| 2007-2008 | LFQ DB /720/2010 DTD8/6/12 | 4 |
| 2008-2009 | LFQ DB /721/2010 DTD 8/6/12 | 5 |
| 2009-2010 | LF/4733/SP.CELL/CSC/B2/2613(1) DTD 23/9/15 | 5 |
| 2010-11&11-12 | LFQ DB/1518(1)/2014.8/7/14 | 5 |
| 2012-13&13-14 | KSAKLM-1598/15 DTD18.11.15 | 17 |

| | | |
|---|---|---|
| 2014-15& 15-16 | KSAKLM-DB.514/2017 | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

**4-10** ഓഡിറ്റ്സാക്ഷ്യപത്രം

നമ്പർ. കെ.എസ്.എ.കെ.എൽ.എം.പി-11/1984/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in

തീയതി – 11/12/2017

സാക്ഷ്യപത്രം 2016-2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാംവകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ വെട്ടിക്കവല ബ്ലോക്ക്പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷികധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വെട്ടിക്കവല ബ്ലോക്ക്പഞ്ചായത്തിന്റെ 2016-17ലെ വാർഷികധനകാര്യപത്രിക, വരവുചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടിഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം